REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ബീഹാറിൽ ഗവൺമെന്റ് രൂപീകരണത്തിന് ശ്രമങ്ങൾ പുരോഗമിക്കുന്നു. നാളെ JDU നിയമസഭാ കക്ഷി യോഗം.**
- **സംസ്ഥാന തദ്ദേശ തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു.**
- **ശബരിമലയിൽ സ്പോൺസർമാരെ തീരുമാനിക്കുന്നതിൽ കൂടുതൽ ജാഗ്രതയും കാർക്കശ്യവും പുലർത്തുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. K ജയകുമാർ.**
- **മണ്ഡല - മകരവിളക്ക് തീർത്ഥാടനത്തിന് ശബരിമലയിൽ വൈകിട്ട് നട തുറക്കും.**
- **കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കക്കെതിരെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ ഒടുവിൽ വിവരം കിട്ടുമ്പോൾ 2 വിക്കറ്റ് നഷ്ടത്തിൽ 21 റൺസ് എടുത്തു.**

## വാർത്തകൾ വിശദമായി

ബീഹാറിൽ ഗവൺമെന്റ് രൂപീകരണത്തിന് ശ്രമങ്ങൾ പുരോഗമിക്കുന്നു. പുതുതായി തെരഞ്ഞെടുത്ത 85 MLA മാരെയും JDU പട്നയിലേക്ക് വിളിപ്പിച്ചു. നാളെ JDU നിയമസഭാ കക്ഷി യോഗം ചേർന്ന് പാർട്ടി അധ്യക്ഷൻ നിതീഷ് കുമാറിനെ നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുക്കും. NDA യിലെ അഞ്ച് ഘടകകക്ഷികളും അവരവരുടെ നിയമസഭാ കക്ഷി നേതാക്കളെ തിരഞ്ഞെടുക്കുന്നതിന് വെവ്വേറെ യോഗങ്ങൾ ചേരുന്നുണ്ട്.

✪✪✪

ഹരിയാനയിലെ ഫരീദാബാദിൽ നാളെ നോർത്തേൺ സോണൽ കൗൺസിൽ യോഗത്തിൽ ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രിമാർ, ഡൽഹി, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ ലെഫ്റ്റനന്റ് ഗവർണർമാർ, ചണ്ഡീഗഡ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

അൽ-ഫലാഹ് സർവകലാശാലയ്ക്കെതിരെ ഡൽഹി ക്രൈംബ്രാഞ്ച് രണ്ട് FIRകൾ ഫയൽ ചെയ്തു. വഞ്ചന, വ്യാജ രേഖ ചമയ്ക്കൽ എന്നീ വകുപ്പുകൾക്കാണ് കേസ്. ഡൽഹി ഓഖ്‌ലയിലെ സർവകലാശാല ഓഫീസും ക്രൈംബ്രാഞ്ച് ഇന്നലെ പരിശോധിച്ചു.

✪✪✪

സ്ഫോടനത്തെ തുടർന്ന് അടച്ച ഡൽഹി റെഡ്ഫോർട്ട് മെട്രോ സ്റ്റേഷൻ തുറന്നു. ഈ മാസം പത്തു മുതൽ സ്റ്റേഷൻ സുരക്ഷാ കാരണങ്ങളാൽ അടച്ചിരിക്കുകയായിരുന്നു.

✪✪✪

ജമ്മു കശ്മീർ രജൗരി ജില്ലയിൽ നിന്ന് സുരക്ഷാസേന IED സ്ഫോടക വസ്തു കണ്ടെത്തി നിർവീര്യമാക്കി. ഒരു വീട് സ്ഫോടനത്തിൽ ഭാഗികമായി തകർന്നു. അപ്പർ ബംഗായി ഗ്രാമത്തിലാണ് വീടിന് സമീപം സ്ഫോടക വസ്തു കണ്ടെത്തിയത്.

✪✪✪

ഇന്ന് ദേശീയ പത്രദിനം.1966ൽ പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ സ്ഥാപിതമായതിന്റെ ഓർമ്മക്കായാണ് നവംബർ 16 ഇന്ത്യയിൽ ദേശീയ പത്രദിനമായി ആചരിക്കുന്നത്. സ്വതന്ത്രവും ഉത്തരവാദിത്തപൂർണവുമായ മാധ്യമ പ്രവർത്തനത്തെ കുറിച്ച് ബോധവത്കരണമാണ് ദിനം കൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യവും ധാർമ്മികവുമായ റിപ്പോർട്ടിങ്ങിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യം മുൻനിർത്തി മാധ്യമ വിശ്വാസം സംരക്ഷിക്കുന്നതിലാണ് ഈ വർഷത്തെ പ്രമേയം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

✪✪✪

സംസ്ഥാന തദ്ദേശ തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. രണ്ട് കോടി 86 ലക്ഷത്തി 62,712 പേരാണ് അന്തിമ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇവരിൽ ഒരു കോടി 51 ലക്ഷത്തി 45,500 പേർ സ്ത്രീകളും ഒരു കോടി 35 ലക്ഷത്തി 16,923 പേർ പുരുഷന്മാരുമാണ്. 289 ട്രാൻസ്ജൻഡറുകളും പട്ടികയിലുണ്ട്. ഇതിന് പുറമെ 3,745 പ്രവാസി വോട്ടർമാരുമുണ്ട്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിന് കണ്ണൂർ ജില്ലയിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. വിവിധ രാഷ്ട്രീയ മുന്നണികൾ സ്ഥാനാർഥികളെ പ്രഖ്യാപിക്കുന്ന തിരക്കിലാണ്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ ...

...വോയ്സ്.........

മട്ടന്നൂർ നഗരസഭ ഒഴികെ കണ്ണൂർ ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും ഡിസംബർ 11നാണ് തിരഞ്ഞെടുപ്പ്. മട്ടന്നൂർ നഗരസഭയുടെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി 2027ലാണ് അവസാനിക്കുക. 71 ഗ്രാമപഞ്ചായത്തുകളിലും 11 ബ്ലോക്ക് പഞ്ചായത്തുകളിലും 8 നഗരസഭകളിലും കണ്ണൂർ കോർപ്പറേഷനിലും ആണ് തെരഞ്ഞെടുപ്പ് നടക്കുക.

കണ്ണൂർ കോർപ്പറേഷനിലും ജില്ലാ പഞ്ചായത്തിലും ഓരോ ഡിവിഷനുകൾ അധികമായിട്ടുണ്ട്. കോർപ്പറേഷനിൽ 56ഉം ജില്ലാ പഞ്ചായത്തിൽ 25 ഉം ഡിവിഷനുകൾ ആണുള്ളത് മട്ടന്നൂർ നഗര സഭ ഒഴികെ കണ്ണൂർ ജില്ലയിൽ 20 ലക്ഷത്തി 76,492 വോട്ടർമാരാണ് ഉള്ളത്

ഇതിൽ 958709 പുരുഷ വോട്ടർമാരും 11 ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി എഴുപത്തിനാല് സ്ത്രീ വോട്ടർമാരും ഉണ്ട് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ട 9 വരും 485 പ്രവാസി വോട്ടർമാരും ഈ കൂട്ടത്തിൽ പെടും.

✪✪✪

തിരുവനന്തപുരത്തെ BJP പ്രവർത്തകന്റെ ആത്മഹത്യ സങ്കടകരമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ അറിയിച്ചു. ഇക്കാര്യത്തിൽ BJP-ക്ക് വീഴ്ച സംഭവിച്ചിട്ടില്ലെന്നും തെരഞ്ഞെടുപ്പിന് ശുപാർശ ചെയ്ത പാനലിൽ ആ വ്യക്തിയുടെ പേര് ഉണ്ടായിരുന്നില്ല എന്നും . അദ്ദേഹം പറഞ്ഞു. ആത്മഹത്യയിൽ രാഷ്ട്രീയം കലർത്തരുതെന്നും രാജീവ് ചന്ദ്രശേഖർ തൃശ്ശൂരിൽ ആവശ്യപ്പെട്ടു.

✪✪✪

ശബരിമലയിൽ സ്പോൺസർമാരെ തീരുമാനിക്കു ന്നതിൽ കൂടുതൽ ജാഗ്രതയും കാർക്കശ്യവും പുലർത്തുമെന്ന് പുതുതായി സ്ഥാനമേറ്റ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ഡോ. K ജയകുമാർ പറഞ്ഞു. സ്പോൺസർമാരായി വരുന്നവരുടെ പശ്ചാത്തലം മുഴുവനും പരിശോധിച്ച ശേഷമായിരിക്കും തീരുമാനമെടുക്കുകയെന്ന് അദ്ദേഹം ശബരിമലയിൽ അറിയിച്ചു. നിലവിലെ പ്രശ്നങ്ങൾ പരിഹരിച്ച് ശബരിമലയെ ആരോപണങ്ങളിൽ നിന്നെല്ലാം മുക്തമാക്കുന്നതിനായിരിക്കും പൂർണശ്രദ്ധയെന്നും ഡോ. ജയകുമാർ വ്യക്തമാക്കി.

✪✪✪

കേരള മീഡിയ അക്കാഡമിയുടെ കഴിഞ്ഞ അദ്ധ്യയന വർഷത്തെ PG ഡിപ്ലോമ ബിരുദദാന സമ്മേളനം ഈ മാസം 20ന് രാവിലെ കാക്കനാട് അക്കാദമി ഓഡിറ്റോറിയത്തിൽ നടത്തും. പശ്ചിമ ബംഗാൾ ഗവർണർ CV ആനന്ദബോസ് ഉദ്ഘാടനം ചെയ്യും. റാങ്ക് ജേതാക്കൾക്ക് ഗവർണർ സർട്ടിഫിക്കറ്റും ക്യാഷ് അവാർഡുകളും സമ്മാനിക്കും.

✪✪✪

വ്രതശുദ്ധിയുടെ നാളുകൾക്ക് തുടക്കം കുറിച്ച് ശബരിമല മണ്ഡല - മകരവിളക്ക് തീർത്ഥാടനത്തിന് വൈകിട്ട് നട തുറക്കും. തീർഥാടകരെ പമ്പയിൽ നിന്നു ഉച്ചയ്ക്ക് 12 മുതൽ സന്നിധാനത്തേയ്ക്ക് അയച്ചു തുടങ്ങി.

തന്ത്രി കണ്ഠരര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ വൈകിട്ട് നട തുറന്ന് ദീപം തെളിക്കും. തുടർന്ന് ആഴിയിൽ അഗ്നി പകരുന്നതോടെ 18-ാം പടി കയറാൻ തീർഥാടകർക്ക് അനുമതി ലഭിക്കും. വൃശ്ചികപ്പുലരിയിൽ പുതിയ മേൽശാന്തിമാരാണ് സന്നിധാനത്തും മാളികപ്പുറത്തും പൂജകൾ നടത്തുക.

പ്രത്യേക ദിനങ്ങളൊഴികെ നാളെ മുതൽ 90,000 പേർക്ക് ദർശനം ലഭ്യമാകും. വെർച്വൽ ക്യൂ വഴി 70,000 പേർക്കും തത്സമസ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാദ്ധ്യമാകും.

ആറു സീസണുകളിലായി 3000 പോലീസ് ഉദ്യോഗസ്ഥരും 100 നിരീക്ഷണ ക്യാമറകളും സുരക്ഷയൊരുക്കും. സ്ത്രീകൾക്കും കുട്ടികൾക്കും പതിനെട്ടാം പടിക്കു മുമ്പായി നട പന്തൽ മുതൽ പ്രത്യേകം ക്യൂ സംവിധാനം ഉണ്ട്.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്......

ആരോഗ്യത്തോടെ ശരണയാത്ര പൂർത്തീകരിക്കാൻ സന്നിധാനത്ത് ആരോഗ്യവകുപ്പ് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തി. എല്ലാ പ്രധാന പാതകളിലും ആരോഗ്യ വകുപ്പിന്റെ സേവനം ലഭ്യമാണ്. പമ്പയിലെ കൺട്രോൾ സെന്റർ 24 മണിക്കൂറും പ്രവർത്തിക്കും. മല കയറുമ്പോൾ ബുദ്ധിമുട്ടുണ്ടായാൽ തൊട്ടടുത്ത ആരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടേണ്ടതാണ്. പമ്പ മുതൽ സന്നിധാനം വരെ പാതയിൽ എമർജൻസി മെഡിക്കൽ സെന്ററുകൾ സജ്ജീകരിച്ചിട്ടുണ്ട്.

കോന്നി മെഡിക്കൽ കോളേജ്, ബേസ് ആശുപത്രിയായി പ്രവർത്തിക്കും. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ അടിയന്തര കാർഡിയോളജി-കാത്ത് ലാബ് ചികിത്സകൾ ഉണ്ടായിരിക്കും. ഹൃദയസംബന്ധമായ പ്രശ്നങ്ങൾക്ക് ഉടനടി ചികിത്സ ലഭ്യമാക്കാൻ കനിവ് 108 ആംബുലൻസ് ഉണ്ടായിരിക്കും. ആശുപത്രികളിൽ വെന്റിലേറ്റർ, അടക്കം സൗകര്യങ്ങൾ ലഭ്യമാണ്. പമ്പയിലും സന്നിധാനത്തും ഓപ്പറേഷൻ തിയേറ്ററുകളും ഉണ്ട്. പമ്പയിൽ മുങ്ങിക്കുളിക്കുമ്പോൾ മൂക്കിൽ വെള്ളം കയറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും നിർദേശം നൽകി.

✪✪✪

കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ  ദക്ഷിണാഫ്രിക്കക്കെതിരെ ഇന്ത്യ രണ്ടാം ഇന്നിംഗ്സ്  ബാറ്റിംഗ് ആരംഭിച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ അവർ 2 വിക്കറ്റ് നഷ്ടത്തിൽ  21 റൺസ് എടുത്തിട്ടുണ്ട്. നേരത്തെ ദക്ഷിണാഫ്രിക്ക രണ്ടാം ഇന്നിംഗ്സിൽ 153 റൺസിന് എല്ലാവരും പുറത്തായി.

✪✪✪

വനിതാ ബ്ലൈന്റ് ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ പാക്കിസ്ഥാനെ നേരിടും. കൊളംബോയിൽ ഉച്ചയ്ക്ക് ഒന്നിന് മത്സരം ആരംഭിക്കും. ഇന്ത്യ നേരത്തെ തന്നെ സെമി ഫൈനൽ ബെർത്ത് ഉറപ്പിച്ചിട്ടുണ്ട്. ഈ മാസം 22 നാണ് സെമിഫൈനൽ.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റിൽ  ടോസ് നേടിയ  മധ്യപ്രദേശ് കേരളത്തെ ബാറ്റിംഗിന് അയച്ചു. ഇൻഡോറിലെ ഹോൾക്കർ സ്റ്റേഡിയത്തിൽ  ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ കേരളം 4 വിക്കറ്റ് നഷ്ടത്തിൽ 91 റൺസെടുത്തിട്ടുണ്ട്.

✪✪✪

സൂപ്പർലീഗ് കേരളാ ഫുട്ബോളിൽ തിരുവനന്തപുരം  കൊമ്പൻസ് FC, ഫോഴ്സ കൊച്ചിയെ തോൽപ്പിച്ചു. കൊച്ചിയിൽ ഒരു ഗോളിനാണ് കൊമ്പൻസിന്റെ ജയം. ഇതോടെ ഏഴു കളിയും പരാജയപ്പെട്ട  ഫോഴ്സ കൊച്ചി മത്സരത്തിൽ നിന്ന് പുറത്തായി .

✪✪✪

പാലക്കാട് കൽപ്പാത്തിയിൽ ഇന്ന് മൂന്നാം തേരുത്സവം. രാവിലെ പഴയ കൽപ്പാത്തി, ചാത്തപുരം ക്ഷേത്രങ്ങളിലെ രഥങ്ങൾ  പ്രയാണം ആരംഭിച്ചു. വൈകീട്ട് തേരുമുട്ടിയിൽ  പ്രയാണ ദേവരഥങ്ങൾ സംഗമിക്കും.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്....

........വോയ്സ്........

ഒരു വർഷത്തെ കാത്തിരിപ്പിന് സമാപനം കുറിച്ച് ദേവ രഥങ്ങളിൽ മുഖാമുഖം എത്തുന്ന ഗ്രാമദേവതകളെ കാണാൻ ഇന്ന് അഗ്രഹാര വീഥികൾ ആളുകളെകൊണ്ട് നിറയും.ഇന്ന് രാവിലെ പഴയകൽപ്പാത്തി ലക്ഷ്മിനാരായണ പെരുമാളിന്റെയും ചാത്തപുരം മഹാഗണപതിയുടെയും രഥാരോഹണം നടന്നു.വൈകീട്ട് രഥപ്രയാണം തുടങ്ങും. ഇന്നലെ പുതിയ കൽപ്പാത്തി മന്തക്കര മഹാഗണപതിയുടെ തേരാണ് പ്രദക്ഷിണ വഴിയിൽ ഇറങ്ങിയത്. കൽപ്പാത്തി ഗ്രാമത്തിലെ ഓരോ അഗ്രഹാരത്തിനു മുന്നിലൂടെയും കടന്നുപോകുന്ന ഈ ദേവരഥങ്ങളാണ് വിശ്വാസികൾക്ക് വിസ്മയ കാഴ്ചയൊരുക്കി ഇന്ന് വൈകീട്ട് സംഗമിക്കുക.  രഥോത്സവത്തോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ നഗരത്തിലെ ഗതാഗത നിയന്ത്രണം  ഇന്നും തുടരും.

✪✪✪

കണ്ണൂർ പെരിങ്ങോം വെള്ളോറയിൽ യുവാവ് വെടിയേറ്റു മരിച്ചു. എടക്കോത്തെ നെല്ലംകുഴിയിൽ സിജോ ആണ് മരിച്ചത്. പുലർച്ചെ അഞ്ചരയോടെയായിരുന്നു സംഭവം. സുഹൃത്തിനൊപ്പം നായാട്ടിന് പോയതാണെന്ന് കരുതുന്നതായി പോലീസ് പറഞ്ഞു. കൂടെ ഉണ്ടായിരുന്ന ഷൈൻ എന്നയാളെ പോലീസ് കസ്റ്റഡിയിൽ എടുത്തു. മൃതദേഹം പോസ്റ്റുമോർട്ടം നടപടികൾക്കായി പരിയാരത്തെ കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്  മുന്നറിയിപ്പ് നൽകി. ഇന്ന് ഇടുക്കി ജില്ലയിൽ മഞ്ഞ ജാഗ്രത നൽകി. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി  ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

✪✪✪

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം മറ്റന്നാൾ ആരംഭിക്കും. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ D.ഷൈനി കണ്ണൂരിൽ അറിയിച്ചതാണിത്.

✪✪✪

നിയന്ത്രണം വിട്ട ഗുഡ്സ് ഓട്ടോ മീനങ്ങാടി പന്നി മുണ്ട പാലത്തിന് സമീപം മറിഞ്ഞ് രണ്ട് പേർക്ക് പരിക്കേറ്റു. ഇവരെ മേപ്പാടിയിലെ സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

*News Editor & News Reader: : വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, രജ്ന കെ*
*DEO : സി കെ സുബോധ്*